**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5861** **25-03-2025 - ൽ മറുപടിയ്ക്ക്**

**ഗവേഷണ ഫലവുമായി ബന്ധപ്പെട്ട് ഉല്പാദന വ്യവസായങ്ങൾക്ക് പ്രാധാന്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ പാർക്കുകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനങ്ങളിലെ ഗവേഷണ ഫലവുമായി ബന്ധപ്പെട്ട ഉല്പാദന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ? | (എ) | വ്യവസായ പാർക്കുകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനങ്ങളിലെ ഗവേഷണ ഫലവുമായി ബന്ധപ്പെട്ട ഉല്പാദന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്നതിന്റെ ഭാഗമായി ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതിക്ക് വ്യവസായ വകുപ്പ് രൂപം നൽകിയിട്ടുണ്ട്.<br><br>വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണപ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്. ക്യാമ്പസ് പാർക്ക് ഭൂമിയുടെ ഉടമസ്ഥതയുള്ള വിദ്യാഭ്യാസ സ്ഥാപനത്തിലെ trade/branch/core subject എന്നിവയുമായി ബന്ധമുള്ളവയ്ക്ക് പ്രാധാന്യം നൽകും. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക്, കാമ്പസ് വ്യവസായ പാർക്കുകളിലെ സംരംഭങ്ങളിൽ apprenticeship/internship-ന് അവസരം നൽകി അവർക്ക് സ്വന്തമായി സംരംഭം തുടങ്ങുന്നതിനുള്ള അവസരം നൽകുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നുണ്ട്. |

സെക്ഷൻ ഓഫീസർ